"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ്- തിരുവനന്തപുരം ജില്ല- ആറ്റിങ്ങൽ നഗരസഭ ടൗൺ ഹാൾ നവീകരണത്തിന് 2.75 കോടി രൂപ ആറ്റിങ്ങൽ മുനിസിപ്പൽ ടൗൺ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും 9.7% പലിശ നിരക്കിൽ വായ്പ എടുക്കുന്നതിന് ആറ്റിങ്ങൽ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.633/2025/LSGD തീയതി,തിരുവനന്തപുരം, 07-03-2025

---

പരാമർശം:-

1. സ.ഉ.(സാ ധാ)നം. 147/2009 ത.സ്വ.ഭ.വ തീയതി29/07/2009
2. സ.ഉ(സാധാ) നം 782/2019 ത.സ്വ.ഭ.വ തീയതി 01/04/2019
3. സ.ഉ(സാധാ) നം 2441/2020 ത.സ്വ.ഭ.വതീയതി 28/12/2020
4. സ.ഉ(സാധാ) നം 1773/2023ത.സ്വ.ഭ.വ തീയതി 05/09/2023
5. 13.11.2024 ലെ ആറ്റിങ്ങൽ നഗരസഭാ കൗൺസിൽ തീരുമാനം നം. 13
6. ആറ്റിങ്ങൽ നഗരസഭ കൗൺസിലിന്റെ 29.01.2025 തീയതിലെ 14 നമ്പർ തീരുമാനം
7. 19.11.2024 ലെ ആറ്റിങ്ങൽ നഗരസഭാ സെക്രട്ടറിയുടെ 2296942-2024 ലെ സമ്മതപത്രം
8. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 30.11.2024, 20.01.2025, 23.01.2025 എന്നീ തീയതികളിലെ LSGD/PD/40853/2024-DPLD3 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭ ടൗൺ ഹാൾ നിർമ്മാണത്തിനായി പരാമർശം (2) പ്രകാരം 1.25 കോടി രൂപയും, പരാമർശം (3) പ്രകാരം 2 കോടി രൂപയും, പരാമർശം (4) പ്രകാരം 50 ലക്ഷം രൂപയും വായ്പ എടുത്തിട്ടുള്ളതും, ഒന്നാം ഘട്ടം പൂർത്തീകരിച്ചിട്ടുള്ളതും, രണ്ടും മൂന്നും ഘട്ട പ്രവൃത്തി നടന്നുവരുന്നതാണെന്നും, ടി പ്രവൃത്തിയുടെ അവസാനഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് നം. 360/2024 (SO 189/25) പ്രകാരം നോൺ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി മാതൃകയിൽ ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനായി സി.എഫ്.സി ഫണ്ട് ഒരു കോടി രൂപയും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ ഇനത്തിൽ 2.75 കോടി രൂപയും ചേർത്ത് 3.75 കോടി രൂപ വകയിരുത്തിയാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നതെന്നും, അതിനാൽ നിലവിലെ പദ്ധതിയുടെ പൂർത്തീകരണത്തിനായി 2.75 കോടി രൂപ വായ്പ എടുക്കാൻ സർക്കാർ അനുമതി ലഭ്യമാക്കണമെന്ന നഗരസഭാ കൗൺസിൽ പരാമർശം (5) പ്രകാരം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ടൗൺ ഹാൾ നവീകരണത്തിനായി 2.75 കോടി രൂപ ആറ്റിങ്ങൽ മുൻസിപ്പൽ ടൗൺ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും ലോൺ

എടുക്കുന്നതിനുള്ള അപേക്ഷ പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള അനുബന്ധ രേഖകൾ സഹിതം ആറ്റിങ്ങൽ നഗരസഭ സെക്രട്ടറി പരാമർശം (6) പ്രകാരം സമർപ്പിച്ച അപേക്ഷ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്തു.

നിലവിൽ ലോൺ എടുത്ത് നിർമ്മാണം നടത്താനുദ്ദേശിക്കുന്ന ടൗൺഹാൾ പ്രവൃത്തികൾ NON PMC മുഖേന നിർവഹിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ച PAC-37500000/- രൂപയും സെൻജ് ചാർജ്ജ് 5.50% ഇ-ടെണ്ടർ അംഗീകരിക്കുകയും പരാമർശം (6) ലെ തീരുമാനപ്രകാരം പ്രസ്തുത ടെണ്ടർ അംഗീകരിച്ചിട്ടുള്ളതാണെന്നും അറ്റിങ്ങൽ നഗരസഭാ സെക്രട്ടറി അറിയിക്കുകയുണ്ടായി. പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 2.4 വിവരിച്ചിട്ടുള്ളത് പ്രകാരമുള്ള വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ ആറ്റിങ്ങൽ നഗരസഭക്ക് ലഭ്യമാകേണ്ട ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് സർക്കാർ തലത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകുന്നതാണെന്ന സമ്മതപത്രം പരാമർശം (7 ) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലും, വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ ആറ്റിങ്ങൽ നഗരസഭയ്ക്കുള്ള ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് സർക്കാർ തലത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകാവുന്നതാണെന്നുള്ള പരാമർശം (5) കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭ ടൗൺ ഹാൾ നവീകരണത്തിന് ആറ്റിങ്ങൽ മുൻസിപ്പൽ ടൗൺ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും 2.75 കോടി (രണ്ട് കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) 9.7% പലിശ നിരക്കിൽ വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 07-03-2025 13:07:51

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പ
2. സെക്രട്ടറി, ആറ്റിങ്ങൽ നഗരസഭ, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പി.ആർ.ഡി
6. കരുതൽ ഫയൽ (ഡിബി1/538/2024-തസ്വഭവ)